

മഹാത്മാഗാന്ധി

"മനുഷ്യൻ തന്റെ സഹമനുഷ്യരുടെ ക്ഷേമത്തിനായി
എത്രത്തോളം പ്രവർത്തിക്കുന്നു
എന്നതിലാണ് അവൻ മഹാനാകുന്നത്."

ബഡ്ജറ്റ്
2026

ആശംസ

രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ ഹൃദയ തുടിപ്പായിരുന്ന പ്രിയ ജനങ്ങൾക്ക് എന്റെ സ്നേഹാദരവ്! 27 വർഷങ്ങൾക്ക് ശേഷം ഒരു കുടുംബാധിപത്യമുണ്ടാക്കി ഇടവേളകാലം കൈകാര്യം ചെയ്ത രാജാക്കാട് ഗ്രാമപഞ്ചായത്തിലെ നല്ലവരായ എല്ലാ വോട്ടർമാരോടുമുള്ള നന്ദിയും കടപ്പാടും ആദ്യമേ അറിയിക്കട്ടെ. സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട എല്ലാ മേഖലകളിലും ഇടുക്കിയുടെ പ്രകൃതി സൗന്ദര്യം നിലനിർത്തിക്കൊണ്ടു തന്നെ രാജാക്കാട് പഞ്ചായത്തിനെ പ്രഥമ സ്ഥാനത്തേക്ക് എത്തിക്കുന്നതിനുള്ള ഞങ്ങളുടെ പരിശ്രമം തുടരുമെന്ന് അഭിമാനപൂർവ്വം ഇവിടെ രേഖപ്പെടുത്തുന്നു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തയ്യാറാക്കിയിട്ടുള്ള ഈ ബഡ്ജറ്റിൽ നിങ്ങളുടെ ആവശ്യങ്ങളും, ആഗ്രഹങ്ങളും നിറവേറ്റുന്നതിനായിയിട്ടുള്ള നൂതന പദ്ധതികൾ ഉൾപ്പെടുത്തിക്കാൻ സാധിച്ചതിൽ ഞാൻ വളരെയധികം അഭിമാനം കൊള്ളുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടേയും, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടേയും സഹായത്തോടെ കഴിയാവുന്ന തരത്തിൽ വിഭവ സമാഹരണം നടത്തുന്നതിനും ശരിയായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

മുൻ ബാക്കി ഉൾപ്പെടെ ആകെ 83,75,31,981 രൂപ വരവും 83,55,05,833 രൂപ ചിലവും 20,26,148 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റിൽ സമ്പൂർണ മേഖലകളുടേയും വികസനം ലക്ഷ്യം വച്ച് വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കാർഷിക മേഖല, ക്ഷീരമേഖല, സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ, ടൂറിസം, ജല സംരക്ഷണം, പാർപ്പിടം, കുടിവെള്ളം, ഊർജ്ജം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നു. ഈ ബഡ്ജറ്റ് അടുത്ത സാമ്പത്തിക വർഷത്തെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ വികസന കുതിപ്പിന് കരുത്ത് പകരട്ടെ എന്ന് ആശംസിക്കുന്നു.

വിശ്വസ്തതയോടെ

കിങ്ങിണി രാജേന്ദ്രൻ

പ്രസിഡന്റ്

രാജാക്കാട് ഗ്രാമപഞ്ചായത്ത്

രാജാക്കാട് ഗ്രാമപഞ്ചായത്ത്

ഭരണ സമിതി അംഗങ്ങൾ

RAJAKKAD WARD MAP
RAJAKKAD GRAMA PANCHAYAT
IDUKKI DISTRICT
N
W
E
S
Legend
Ward
Adivaram
Anappara
Cherupulam
Kallarakuzhu
Kallimaly
Kochumullakkanam
Kurumbaly
Mullakkanam
NR City
Panniyamkuzhy
Pazhayamkuzhy
Pennaly
Rajakkad
Vazhaly
Panchayat Boundary
Elamady
Grama Panchayat
Vellamkovil
Grama Panchayat
Rajakumari
Grama Panchayat
Senapathi
Grama Panchayat
Konnathady
Grama Panchayat
0 0.375 0.75 1.5 2.25 3
Kilometers

രാജാക്കാട് ഗ്രാമപഞ്ചായത്ത്

ISO 9001 : 2015 സർട്ടിഫൈഡ്

പൊതുവിവരണം

വിലാസം
രാജാക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ്
രാജാക്കാട് പി.ഒ, ഇടുക്കി ജില്ല, പിൻ 685566
ഫോൺ 04868 242343, 9496045047
ഇമെയിൽ : rajakadgp@gmail.com
website : www.lsgkerala.in/rajakkadponchayat

1.	പഞ്ചായത്തിന്റെ പേര്	രാജാക്കാട്
2.	വിസ്തീർണ്ണം	31.03 ച.കി.മീ.
3.	വാർഡുകൾ	14
4.	ജനസംഖ്യ	16486 (സെൻസസ് - 2011)
	പുരുഷന്മാർ	8229
	സ്ത്രീകൾ	8257
	പട്ടികജാതിക്കാർ	395 (പുരുഷൻ 197, സ്ത്രീകൾ 198)
	പട്ടിക വർഗ്ഗക്കാർ	50 (പുരുഷൻ 22, സ്ത്രീകൾ 28)
5.	ജനസാന്ദ്രത	531.7 ച.കി.മീ.
6.	ആകെ കുടുംബങ്ങൾ	4094
7.	സാക്ഷരത	88 % (പുരുഷൻ 88.5%, സ്ത്രീകൾ 87%)
8.	പൊതു സ്കൂൾ വിദ്യാലയങ്ങൾ	4
9.	അൺ എഡഡ് സ്കൂളുകൾ	1
10.	പഞ്ചായത്തിന്റെ ദൂരം	ഒന്നാം ദൂരം
11.	ബ്ലോക്ക്	നെടുങ്കണ്ടം
12.	ജില്ല	ഇടുക്കി
13.	പഞ്ചായത്ത് ഉൾപ്പെട്ട വില്ലേജ്	രാജാക്കാട്, മൈലാടിപ്പാലി
14.	അസംബ്ലി മണ്ഡലം	ഉടുമ്പൻചോല
15.	പാർലമെന്റ് മണ്ഡലം	ഇടുക്കി
16.	നിയമസഭാംഗം	ശ്രീ. എം.എം മണി
17.	പാർലമെന്റ് അംഗം	അഡ്വ. ഡീൻ കുര്യാക്കോസ്
18.	ജില്ലാ പഞ്ചായത്ത് വാർഡ്	രാജാക്കാട്
19.	ജില്ലാപഞ്ചായത്ത് അംഗം	ശ്രീ. രാജൻ കുമാർ കെ
20.	ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ	രാജാക്കാട്, എൻ ആർ സിറ്റി
21.	ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ	ശ്രീ വിപിൻ സി ബാസ്റ്റിൻ
		ശ്രീ. പി രാജാമണി

രാജാക്കാട്
ഗ്രാമപഞ്ചായത്ത് ഭരണസമിതി

ഐ.എസ്.ഒ 9001:2015 സർട്ടിഫൈഡ്

പേര്	പദവി	മൊബൈൽ നമ്പർ	വാർഡിന്റെ പേര്	വാർഡ് നമ്പർ
കിരൺ രാജൻ	പ്രസിഡന്റ്	9495187001, 9496045046	രാജാക്കാട്	4
[illegible]	[illegible]	9446134647	പന്നിയാർകുട്ടി	14
[illegible]	[illegible]	9605797837	വെള്ളാരംകുന്ന്	7
[illegible]	[illegible]	9497772998	കല്ലിമാലി	12
[illegible]	[illegible]	8547541192	മുല്ലക്കാനം	2
[illegible]	വാർഡ് മെമ്പർ	8547852514	കൊച്ചുമുല്ലക്കാനം	1
[illegible]	വാർഡ് മെമ്പർ	9446221353	പുന്നവേലി	3
[illegible]	വാർഡ് മെമ്പർ	9847015004	കനകക്കുന്ന്	5
[illegible]	വാർഡ് മെമ്പർ	7510771701	എൻ ആർ സിറ്റി	6
[illegible]	വാർഡ് മെമ്പർ	9495219177	ആലിനമല	8
[illegible]	വാർഡ് മെമ്പർ	9447219622	പഴയവിടുതി	9
[illegible]	വാർഡ് മെമ്പർ	9633345856	കുരിശുപെടി	10
[illegible]	വാർഡ് മെമ്പർ	9747385969	ചെമ്പകത്തും	11
[illegible]	വാർഡ് മെമ്പർ	9562379223	ഇരുമ്പുപാറ	13

നിർവ്വഹണ ഉദ്യോഗസ്ഥർ

ജോൺസൺ Z	സെക്രട്ടറി (ഇൻ ചാർജ്ജ്)	9544107425
ജോൺസൺ Z	അസി.സെക്രട്ടറി	9544107425
റ്റി.യു എലിയാസ്	അസി.എഞ്ചിനീയർ	99473 14394
ഇസ്രായേൽ ബി.എസ്	കൃഷി ആഫീസർ	9446541284
ഡോ.ദീപു കൃഷ്ണ	മെഡിക്കൽ ആഫീസർ	9447210985
ഡോ.കുമാരി വി.എസ് അജി	മെഡിക്കൽ ആഫീസർ (ആയുർവേദം)	97474 45179
ഡോ. ജെയ്സി ജോസി	മെഡിക്കൽ ആഫീസർ (ഹോമിയോ)	9447210985
ഡോ. സുരേഷിത്ത്	വെറ്ററിനറി സർജൻ	8281249724
നീന എം ബി	ജൂനിയർ സൂപ്രണ്ട്	97782 92365
ആസാദ് എ. എസ്	ഹെഡ്ക്ലാർക്ക് (ജി. യു. പി. എസ് പഴയവിടുതി)	9495911988
രേഷ്മ പ്രകാശ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	9539801262
സൗമ്യ റെച്ചൽ വർഗ്ഗീസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	9947510295
ജോബിൽസ് കുര്യൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	8606669207

ജീവനക്കാരുടെ വിവരങ്ങൾ

പേര്	തസ്തിക	ഫോൺ
ജോൺസൺ z	സെക്രട്ടറി (ഇൻ ചാർജ്ജ്)	9544107425
ജോൺസൺ z	അസി.സെക്രട്ടറി	95441 07425
ഹർഷൽ വി.ഡി	ഹെഡ് ക്ലർക്ക്	9497038914
	അക്കൗണ്ട്	
നിവ്യ വി പി	സീനിയർ ക്ലർക്ക്	94466 10306
കൃഷ്ണകുമാർ kl ഉണ്ണിത്താൻ	സീനിയർ ക്ലർക്ക്	94469 33530
നിഷ മേരി ജോർജ്ജ്	സീനിയർ ക്ലർക്ക്	97457 33722
സാബു എം.ജി	ക്ലർക്ക്	9447659777
ഫൈസൽ ജോണൻ	ക്ലർക്ക്	96339 85803
അഖില അനിൽകുമാർ	ക്ലർക്ക്	8281567298
ജോസിസ് വി. എസ്	ക്ലർക്ക്	97466 78633
സുസ്മിത വി.വി	ഓഫീസ് അസിസ്റ്റന്റ്	9747039976
ജോൺ സേവ്യർ	ഓഫീസ് അസിസ്റ്റന്റ്	94964 29091
സിബ്ലി പി.എ	ഡ്രൈവർ	9075147343
ഷെമി കെ.പി	ടെക്നിക്കൽ അസ്സിസ്റ്റന്റ്	9446963716
ശിവൻകുട്ടി കെ.കെ	പാർട്ട് ടൈം സ്വീപ്പർ	9526486960
ഇ.കെ ചെല്ലപ്പ	പാർട്ട് ടൈം സ്വീപ്പർ	9605952407
അനീഷ് ബേബി	അറ്റൻഡറിയൻ	9747762931
ആനു എ.എം	ഇന്റേൺ	7907410019

തൊഴിലുറപ്പ് പദ്ധതി വിഭാഗം

പേര്	തസ്തിക	ഫോൺ
അമൽ തങ്കച്ചൻ	അക്കൗണ്ടന്റ് എഞ്ചിനീയർ	90744 55667
ദീനമ്മാൾ എം.എം	ഓവർസിയർ	9747047226
ബിനോയി ബെന്നി	ഓവർസിയർ	9544045609
മുഹമ്മദ്ഷാൻ വി.എസ്	അക്കൗണ്ട് കം IT അസിസ്റ്റന്റ്	9947020505
സുധി വി.വി	അക്കൗണ്ട് കം IT അസിസ്റ്റന്റ്	9947092256
അർഷാദ് കെ.എസ്	അക്കൗണ്ട് കം IT അസിസ്റ്റന്റ്	9747939880
ലിസ്സി ഗ്രേസ്	ബിഎംഒടി	9496752496
ഷിബി സിജു	ബിഎംഒടി	9947648827

എഞ്ചിനീയറിംഗ് വിഭാഗം

പേര്	തസ്തിക	ഫോൺ
ടിന്റു ഏലിയാസ്	എ.ഇ	99473 14394
മുഹമ്മദ് അനസ്	ഓവർസീയർ	90206 77930
ബിജുരാജൻ കെ.എസ്	ക്ലർക്ക്	9656 871 338

രാജാക്കാട് ഗ്രാമപഞ്ചായത്ത്

ബഡ്ജറ്റ്
2026

അവതാരിക

രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തിക്കൊണ്ട് സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള 2026-27 വർഷത്തെ ബഡ്ജറ്റാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളുടേയും ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള ബഡ്ജറ്റ് കാർഷിക ക്ഷീര മേഖല, സ്ത്രീകളുടേയും, കുട്ടികളുടേയും സുരക്ഷ, ഊർജ്ജ സംരംക്ഷണം ടൂറിസം, ജലസംരക്ഷണം, പാർപ്പിടം, കുടിവെള്ളം, എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനോടൊപ്പം പശ്ചാത്തല മേഖലയുടെ വികസനം ഉന്നംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.സാമൂഹ്യ വികസന രംഗത്ത് നമ്മുടെ പഞ്ചായത്ത് ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന് സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പാക്കേണ്ടതുണ്ട്. നമ്മുടെ പ്രകൃതി വിഭവങ്ങൾ ശ്രദ്ധയോടെ ഉപയോഗിക്കുകയും മനുഷ്യ വിഭവങ്ങൾ വൻതോതിൽ വികസിക്കുകയും വേണം. പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്ന വികസനമാണ് ലക്ഷ്യമാക്കുന്നത്.

1962 ൽ രൂപീകൃതമായ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 64-ാം മത്തേതും, ഈ ഭരണ സമിതിയുടെ പ്രഥമ ബഡ്ജറ്റും പഞ്ചായത്തിന്റെ സമഗ്രമേഖലയുടേയും വികസനം സാധ്യമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ബെന്നി പാലക്കാട്ട്
വൈസ് പ്രസിഡന്റ്
രാജാക്കാട്
ഗ്രാമപഞ്ചായത്ത്

രാജാക്കാട്
07/03/2026

ബഡ്ജറ്റ് 2026-27

ഗ്രാമങ്ങളിലാണ് ഇന്ത്യ ജീവിക്കുന്നത് എന്ന മഹാത്മ ഗാന്ധിയുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള പരിശ്രമമാണ് 73-ഉം, 74-ഉം ഭരണഘടനാ ഭേദഗതികൾ. ഇതുവഴി ഗ്രാമങ്ങളിൽ കൂടുതൽ അധികാരത്തോട് കൂടിയ പ്രാദേശിക സർക്കാരുകൾ അധികാരത്തിൽ വന്നു. പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കിയതുവഴി പഞ്ചായത്തുകളുടെ രൂപത്തിലും ഭാവത്തിലും പ്രകടമായ മാറ്റങ്ങൾ വന്നിരിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിലവിലുണ്ടായിരുന്ന പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വ്യത്യസ്തമായ അധികാരങ്ങളുടെയും വിഭവങ്ങളുടെയും അഭാവം മൂർത്തമായ ജനവിഭാഗങ്ങളുടെ പ്രായോഗികമായ നിലവിലുള്ള നിർവ്വഹണ കാര്യശേഷിയുടെ യഥാർത്ഥ ജനാധിപത്യ സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആസൂത്രിത ഗ്രാമവികസനത്തിനും തദ്ദേശീയ കാര്യങ്ങളിൽ വർധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഭരണഘടനയുടെ 73-ാം ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടതാണ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം. ത്രിതല പഞ്ചായത്ത് ഭരണ സംവിധാനമാണ് ഈ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരാണ് മൂന്ന് തല സംവിധാനങ്ങൾ. ഈ നിയമത്തിന്റെ ഏറ്റവും സവിശേഷമായ സംവിധാനമാണ് ഗ്രാമസഭ. ജനാധിപത്യ തല സംവിധാനത്തിൽ സാധാരണ ജനതയ്ക്ക് അധികാരത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന സംവിധാനമാണിത്. ഗ്രാമസഭകളിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തികൾ ഉരുത്തിരിയുന്നത്.

ഗ്രാമപഞ്ചായത്തുകൾക്ക് 27 അനിവാര്യ ചുമതലകളും 14 ഐതുവായ ചുമതലകളും ഇതല അടിസ്ഥാനത്തിൽ 19 വകുപ്പുകളിൽ നിന്നുള്ള ചുമതലകളും നിർവഹിക്കേണ്ടതുണ്ട്. നോട്ടീസ് നികുതി ചുമത്തുന്നതിനും, പിരിക്കുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 214-ാം വകുപ്പ് ബഡ്ജറ്റ് തയ്യാറാക്കലും അംഗീകാര നടപടികൾ സംബന്ധിച്ചുള്ള നടപടി ക്രമങ്ങളും വ്യക്തമാക്കിയിരിക്കുന്നു. 1994-ലെ പഞ്ചായത്ത് രാജ് ആക്ടും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൗരന്മാർക്ക് നൽകേണ്ടതായി വ്യവസ്ഥ ചെയ്തിട്ടുള്ള സേവനങ്ങൾ സമയബന്ധിതമായും ഗുണമേന്മയോടുംകൂടി നൽകേണ്ടതായുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിർവ്വഹിക്കുന്ന ചട്ടങ്ങൾക്കും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി പ്രാദേശിക സർക്കാർ തന്നുടെ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും ആയതിലേക്ക് ആവശ്യമുള്ള വരവ് ചെലവുകളുടെ എസ്റ്റിമേറ്റ് അടങ്ങുന്നതുമാണ് ബഡ്ജറ്റ്.

21/12/2025 - ന് അധികാരത്തിൽ വന്ന ഈ ഭരണസമിതി കെട്ടിടുന്നത് തുടർച്ച സാധ്യതയുള്ള പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്ന സാമൂഹ്യനീതി മുറുകെ പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ

ഒരു പുതിയ പാതയിലേക്ക് പഞ്ചായത്തിനെ എത്തിക്കുക എന്നതാണ്. ഈ ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ടാണ് പഞ്ചായത്ത് വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്.

2011 ലെ സെൻസസ് പ്രകാരം പഞ്ചായത്തിന്റെ ജനസംഖ്യ 16456 ആകുന്നു. അതിൽ 8229 പുരുഷൻമാരും 8257 സ്ത്രീകളുമാണ്.

മങ്കാക്കാട് ഗ്രാമപഞ്ചായത്തിൽ കുടിയേറ്റ കാലഘട്ടത്തിൽ വിവിധ സമുദായങ്ങളിലും മതങ്ങളിലും ഉൾപ്പെട്ടിരിക്കുന്നവർ ഉപജീവനത്തിനായി വന്നവരാണ്. കുടിയേറ്റ കാലത്തെ തരിശുഭൂമി കാണിച്ച വഴിയെ പുതു തലമുറയും സഞ്ചരിക്കുന്നു. പഞ്ചായത്തിൽ പ്രധാനമായും ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം മത വിഭാഗങ്ങളിൽ ഉൾപ്പെട്ടവർ ജീവിക്കുന്നു. എല്ലാ മത വിഭാഗത്തിൽ പെട്ടവരുടെ വിശേഷാൽ ദിവസങ്ങളുടെ ആഘോഷത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും പങ്കെടുക്കുന്നു. മതസൗഹൃദവും പരസ്പര സഹകരണവും പഞ്ചായത്തിലെ ജനങ്ങളുടെ മുഖമുദ്രയാണ്.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ സവിശേഷത വിവിധ തട്ടുകളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന ബഹുതല ആസൂത്രണമാണ്. ഇതിനായി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം, ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ ഓരോ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളും, ചുമതലകളും വിഭജിച്ചു നൽകുകയും അവ തമ്മിൽ വിവിധ തലങ്ങളിൽ സംയോജിപ്പിക്കുന്നതിന്റെ സാധ്യതകൾ നിർവചിക്കുകയും ചെയ്തിട്ടുണ്ട്. വിപുലവും സമഗ്രവുമായ വികസന ചരിത്രാടിസ്ഥാനങ്ങൾ ആവിഷ്കരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ പരസ്പര ബന്ധവും സംയോജനവും ആവശ്യമാണ്. വിവിധ തട്ടുകളിലെ സാമ്പത്തിക വിഭവങ്ങൾ, മനുഷ്യവിഭവങ്ങൾ, അധികാരം എന്നിവ നിർദ്ദിഷ്ട വ്യവസ്ഥകൾക്കനുസരിച്ച് സംയുക്തമായി ഉപയോഗിക്കുകയും വേണം.

വിവിധ വികസന ഏജൻസികൾ വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ തദ്ദേശീയ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കുന്നതിന് പ്രാധാന്യം നൽകണം. ഇവയുൾ തദ്ദേശീയ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും സമാന്തരമായ മറ്റുവികസന പ്രവർത്തനങ്ങളും തമ്മിലുള്ള ഏകോപനം നഷ്ടപ്പെടുകയും വൻതോതിൽ വിഭവശോഷണം ഉണ്ടാവുകയും ചെയ്യും. ഒരു പ്രദേശത്ത് സാധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വിഭവങ്ങൾ ഉപയോഗപ്പെടുത്തി കാര്യക്ഷമമായി വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതായിരിക്കണം ലക്ഷ്യം.

ഇതൊരോടൊപ്പം ജില്ലാതലത്തിലുള്ള ആസൂത്രണത്തിന്റെ ഫലമായി തയ്യാറാക്കപ്പെടുന്ന ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾ തദ്ദേശീയ സ്ഥാപനങ്ങളുടെ വാർഷിക നിർവഹണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നുവെന്നും ഉറപ്പാക്കണം.

പൊതുവികസന ലക്ഷ്യങ്ങൾ മുൻ നിർത്തിയും ഒറ്റ് തദ്ദേശീയ സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ള അനുകരണീയമായ മാതൃകകളെ അടിസ്ഥാനമാക്കിയുമാണ് ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ പലതും സ്വരൂപിച്ചിട്ടുള്ളത്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് നവീനമായ ആശയങ്ങൾ വികസന പദ്ധതികളുമായി ആവിഷ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. പൊതു നയത്തിന് അനുരൂപമായും സഹായകമായും പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശീയ സ്ഥാപനങ്ങൾ ശ്രദ്ധിക്കേതുണ്ട്. ഓരോ തദ്ദേശീയ സ്ഥാപനത്തിന്റേയും വിഭവശേഷി, സാങ്കേതിക സഹായശേഷി, ഒറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി വ്യത്യാസങ്ങൾ വരുത്തിയും പൊതുവായ വികസന ലക്ഷ്യങ്ങളിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മാലാക്കാട് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിന് മതിയായ പരിഗണന നൽകുകയെന്നതാണ് പൊതുലക്ഷ്യങ്ങളിൽ പ്രധാനം. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് ഒറ്റ് ലക്ഷ്യങ്ങൾ. ഇതോടൊപ്പം വികസന മാതൃകകൾ സുസ്ഥിരമായി നിലനിർത്തുക, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര വികസനം ഉറപ്പാക്കുക, കാലാവസ്ഥാവ്യതിയാനത്തെയും തൽഫലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളേയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക എന്നിവയും പൊതു ലക്ഷ്യങ്ങളിൽ പെടുന്നു.

പിന്തോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് ലക്ഷ്യമാക്കുന്നത്. എല്ലാവരുടെയും മൗലികാവകാശങ്ങളുടെ സംരക്ഷണം, സമഗ്രമായ സാമൂഹികസുരക്ഷ, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം, ലഭ്യസാഹാർത്ഥത, സമ്പൂർണ്ണ സാക്ഷരത, ഉയർന്ന ഗുണനിലവാരമുള്ള പ്രാഥമിക സൗകര്യങ്ങൾ, എല്ലാ വികസന മേഖലകളിലും ആധുനികവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതികവിദ്യകളുടെ ഉപയോഗം, മാലിന്യ നിർമ്മാർജ്ജനം, തൊഴിൽ, ഉപജീവന സുരക്ഷ എന്നിവ പ്രധാനപ്പെട്ട വികസന ലക്ഷ്യങ്ങളിൽപ്പെടുന്നു. വികസന പ്രക്രിയയിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് വളരെ പ്രധാനമാണ്.

ആരോഗ്യ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിനു മുമ്പ് തന്നെ കൈവരിക്കുകയെന്നതും പ്രധാനമാണ്. നിർദ്ദിഷ്ട ലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് അവ കൈവരിക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പ്രോജക്ടുകൾക്ക് രൂപം നൽകണം. അവയുടെ

നിർവഹണ പുരോഗതി സുസ്ഥിര വികസന സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള മോണിറ്ററിംഗിലൂടെ വിലയിരുത്തി ലക്ഷ്യങ്ങൾ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കണം.

വിഷൻ 2030

2026-27 ലെ ബഡ്ജറ്റിൽ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന മേഖലകൾക്ക് മുൻഗണന നൽകുന്നു. പ്രാന്തികവത്കൃത പ്രദേശമെന്നും മിശ്രകാലാവസ്ഥയെന്നും രണ്ടായി തിരിച്ചിട്ടുള്ള വികസന സങ്കൽപ്പമാണ് വിഷൻ 2030. വികസന പ്രവർത്തികളെ വിഷയമേഖല അടിസ്ഥാനത്തിൽ വിലയിരുത്തി തയ്യാറാക്കിയിരിക്കുന്നു. തനത് വർഷം പൂർത്തിയാകുന്നതോടെ പ്രാദേശികമായും കൂടുതൽ വർഷം ആവശ്യമുള്ളതായ മിശ്രകാലാടിസ്ഥാനത്തിലും നടപ്പിലാക്കുന്നു. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണം, കരിവികസനം, പ്രാന്തിക സാമ്പത്തിക വികസനം, മാലിന്യ സംസ്കരണം, ശിശുക്ഷേമം, വയോജനക്ഷേമം, വനിത ക്ഷേമം, വിദ്യാഭ്യാസം കല സംസ്കാരം, കുടിവെള്ള വിതരണം, പട്ടികജാതി പട്ടിക വർഗ്ഗ വികസനം, ഭൈവൈവിധ്യം, പ്രകൃതി സംരക്ഷണം, ദുരന്ത നിവാരണം തുടങ്ങിയ മേഖലകൾ മുന്നിൽ കണ്ടുകൊണ്ട് പ്രദിന വിശകലനവും പരിഹാര നടപടികളുമാണ് നാം രൂപപ്പെടുത്തി എടുത്തിട്ടുള്ളത്.

വിഷൻ 2030 ലക്ഷ്യങ്ങൾ

- രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
- റോഡുകളുടെയും ഭൈപാസുകളുടെയും നിർമ്മാണം
- മാലിന്യ നിർമ്മാർജ്ജനം, മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക.
- ആയുർവേദ പരിപാലനവും പുതിയ ആശുപത്രികളുടെ നിർമ്മിതിയും
- ദുരന്തനിവാരണ പ്രവർത്തനങ്ങൾ
- ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജലസേചനീകരണം തുടങ്ങുക
- ആരോഗ്യസ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഉയർത്തുകയും സേവന നിലവാരം മെച്ചപ്പെടുത്തുകയും നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- ആരോഗ്യ മേഖലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മനുഷ്യർക്ക് ആശ്രയമേകുവാൻ വൃദ്ധസദനം (സാന്ത്വന നിധി) രൂപീകരിക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- മാലിന്യ സംസ്കരണം

- സമ്പൂർണ്ണ പാർപ്പിട പദ്ധതി
  - പട്ടിക ജാതി/ പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ.
  - വനിത ക്ഷേമ പ്രവർത്തനങ്ങൾ.
  - ഭിന്നശേഷിക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ.
  - ഊർജ്ജ സംരംക്ഷണ പ്രവർത്തനങ്ങൾ.
  - സമ്പൂർണ്ണ കുടിവെള്ള പദ്ധതി.
  - കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കിണർ റീചാർജ്ജിംഗ്, മഴവെള്ള കൊയ്ത്ത് പദ്ധതികൾ.
  - വയോജനങ്ങളുടെയും കുട്ടികളുടെയും ക്ഷേമ പ്രവർത്തനങ്ങൾ
  - ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ.
  - ഗ്രാമ ടൂറിസം.
  - പ്ലാസ്റ്റിക് മുക്തവർദ്ധിത ഉൽപന്ന യൂണിറ്റുകൾ.
  - വാർഡ് തലത്തിൽ മിനി കമ്മ്യൂണിറ്റി സെന്ററുകൾ.
  - എല്ലാ പ്രദേശങ്ങളിലും കളി സ്ഥലങ്ങളും, വിശ്രമ കേന്ദ്രങ്ങളും.

സാദ്ധ്യതാ വികസന മേഖലകൾ

1. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം എന്നീ മേഖലകളിലെ ഉൽപാദനവും ഉൽപാദനക്ഷമതയും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ വർദ്ധിപ്പിക്കുക. മത്സ്യബന്ധന തൊഴിലാളികൾക്ക് ഷെഡ്, ഓക്കറ്റ്, ഇൻഷുറൻസ് എർപ്പെടുത്തുക. കൃഷിയിടങ്ങളിൽ തന്നെ മൂല്യവർദ്ധിത ഉൽപന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
2. ചെറുകിട – പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, ഊർജ്ജം, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിൽ വർദ്ധിച്ചതോതിലുള്ള വളർച്ച ഉറപ്പാക്കുക. ആയതിലേക്കായി വരുന്ന ഒരു വർഷത്തിനുള്ളിൽ 100 പേരെ സംരംഭകരാക്കുന്നതിനുള്ള സാഹചര്യമൊരുക്കും.
3. മുൻഗണന മേഖലകളിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി നവീനമായ ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
4. മുൻഗണന മേഖലകളിലെ പൊതു-സ്വകാര്യ മൂലധനനിക്ഷേപം പരമാവധി

വർധിപ്പിക്കുക, സഹകരണസ്ഥാപനങ്ങളുടെ സാമ്പത്തിക വിഭവങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുക.

5. എല്ലാ മേഖലകളിലും പദ്ധതിയിതര തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇതിനായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്വരൂപിക്കുന്നതിനും തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും സൗകര്യമൊരുക്കുക.

6. വിവിധ വികസന മേഖലകളിലെ മൂലധന നിക്ഷേപം വർധിപ്പിക്കുന്നതിനും സംരംഭകത്വ വികസനത്തിനും പ്രോത്സാഹനം നൽകുന്നതിനാവശ്യമായ ഭരണപരമായ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ആവിഷ്കരിക്കുക.

7. സംസ്ഥാനത്തെ മുഖ്യ മാസ്ത്ര-യാന്ത്രിക സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സാങ്കേതിക സഹായം വികസന പദ്ധതികളിൽ ഉറപ്പാക്കുക.

8. അതിദാരിദ്ര്യം നിർണ്ണയിക്കുന്നതിനായി പ്രയോഗിക്കപ്പെടുന്ന പരീക്ഷണം നൽകുക. അതിദാരിദ്ര്യരുടെ വരുമാനം, ആരോഗ്യരക്ഷ, ജീവനോപാധികൾ, മറ്റ് സൗജന്യസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള സൂക്ഷ്മ പദ്ധതികൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കുകയും ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ടവർക്ക് അവിവാര്യ സേവനങ്ങൾ അവരുടെ വാതിൽപ്പടിയിൽ എത്തിക്കുക.

10. മണ്ണും ജലവും അന്തരീക്ഷവും മാലിന്യരഹിതമായും ശുദ്ധമായും നിലനിർത്തുന്നതിനായി ഖരമാലിന്യപരിപാലന ചട്ടങ്ങൾ വിപുലീകൃത മാതൃകയിൽ ആവിഷ്കരിച്ച് നടപ്പാക്കണം. അതേ പ്രാധാന്യത്തോടെ ദ്രവ മാലിന്യ പരിപാലനം ഗാർഹിക-സ്ഥാപന-പൊതു തലങ്ങളിൽ സാധ്യമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് ഘട്ടംഘട്ടമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

11. ശൂകപിതരും രക്തകപിതരും അന്തിമരും ഇല്ലാത്ത പഞ്ചായത്താക്കി മാറ്റുക.

12. വർധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള പഞ്ചായത്ത വികസന പദ്ധതികൾ, ഗുണീയ പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്യുക.

13. പ്രകൃതിദുരന്തങ്ങളെ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും

പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനൊപ്പം വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക.

14. പൊതു വിദ്യാലയങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പഠന നിലവാരം ഉയർത്തുകയും ചെയ്യുക.

15. കല, സംസ്കാരം എന്നീ മേഖലകളുടെ ബഹുമുഖവും പുരോഗമനോന്മുഖവുമായ വികസനവും ജനകീയ വൽക്കരണവും ഉറപ്പാക്കുന്നതിനൊപ്പം പൈതൃക സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകുകയും ചെയ്യുക.

16. കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങളുടെയും മുന്നറിയിപ്പുകളുടെയും അടിസ്ഥാനത്തിൽ അവയെ ഫലപ്രദമായി നേരിടുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ദുരന്താഘാത സാദ്ധ്യതകൾ പരിഗണിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുകയും കാലാവസ്ഥാ മാറ്റത്തെ അഭിമുഖീകരിക്കുന്നതിനുള്ള ഹ്രസ്വകാല-ദീർഘകാല വികസന ഇടപെടലുകൾക്ക് രൂപം നൽകുകയും ചെയ്ത് അതിജീവനക്ഷമത കൈവരിക്കാൻ കേരളത്തെ പ്രാപ്തമാക്കുക.

17. ആധുനിക സുസ്ഥിര വികസന ലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിനുള്ള പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കുകയും ഉയർന്ന സുസ്ഥിര വികസന സൂചികകൾ കൂടുതൽ കൈവരിക്കുന്നതിന് സവിശേഷ ശ്രദ്ധ പുലർത്തുകയും ചെയ്യുക.

18. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ദേശീയതലത്തിൽ വിലകുറഞ്ഞ ഉൽപാദനമുള്ള ദേശീയതലത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ ഉപദേശം പ്രോത്സാഹിപ്പിക്കുക.

പൊതു മുൻഗണനകൾ

ജൂഡിത്ത്, മാലിന്യസംസ്കരണം

മാലിന്യ സംസ്കരണ രംഗത്ത് ഏറെ മുന്നോട്ടു പോകുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ബയോമൈനിങ്ങ് പരിപാടികൾ ജനകീയ കൂട്ടായ്മകളുടെ എണ്ണത്തിലുള്ള വർദ്ധനവ് എന്നിവയിലൂടെ സമ്പൂർണ്ണ മാലിന്യ സംസ്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 'മാലിന്യമുക്ത നവകേരളം' കൂട്ടായ്മയിലൂടെ കഴിഞ്ഞ വർഷങ്ങളിൽ നടന്ന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ഗ്രാമപ്രദേശത്തിന്റെ മാലിന്യ സംസ്കരണ രീതിയിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സമ്പൂർണ്ണതയും, സുസ്ഥിരതയും ഉറപ്പാക്കുന്നതോടൊപ്പം, ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം

തരുത്തുന്നതിലൂടെ മാത്രമേ മികച്ച ശാസ്ത്രീയ മാലിന്യ സംസ്കരണ സംസ്കാരം വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ. കാലാവസ്ഥാ വ്യതിയാനവും അതിന്റെ പ്രത്യാഘാതങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ഈ രംഗത്തെ വെല്ലുവിളികളാണ്. കൂടാതെ ടൂറിസത്തിലൂടെ പഞ്ചായത്തിന് പുറത്തു നിന്നും എത്തുന്ന നിരവധി മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുക എന്നതും പഞ്ചായത്തിനു മുന്നിലെ വെല്ലുവിളിയാണ്.

എംസിഎഫ് അധിക സൗകര്യം ഏർപ്പെടുത്തൽ - 300000/ രൂപ, എംസിഎഫ് അസി തന ഉപകരണങ്ങൾ വാങ്ങൽ - 100000/ രൂപ, കുടുംബങ്ങൾക്ക് വൈവമാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം - 100000/ രൂപ, ഖരമാലിന്യ നിർവ്വഹണവും- എംസിഎഫ് പരിപാലനവും - 400000/ രൂപ, എംസിഎഫ് ആക്ട് ബെലിംഗ് മിഷൻ വാങ്ങൽ - 600000/ രൂപ, മാലിന്യ നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിന് സിസി ടിവി സ്ഥാപിക്കൽ - 400000/ രൂപ, എംസിഎഫ് കൂടാര - 150000/ രൂപ എന്നീ പ്രകാരം മാലിന്യ സംസ്കരണത്തിന് തുക വകയിരുത്തിയിട്ടുള്ളതാണ്.

പ്ലാസ്റ്റിക്

ശൈച് സമ്പൂർണ്ണ പാർട്ടിക സുരക്ഷാ പദ്ധതിയിലൂടെ പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും അച്ചുറാക്കുള്ള വേസ്റ്റുകൾ ശേഖരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ശൈച് ഭവന പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ഹരിതകർമ്മ സേനയുടെ 101 യൂണിഫോമുകൾക്ക് വേണ്ട തിരിച്ചാണ തുകയും കണ്ടെത്തുന്നതിനായി 2.02 കോടി രൂപ വായ്പ ലഭിക്കുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ശൈച്ചിക്കൻ ഭവന പദ്ധതിക്കായി സംഘാടനവിഭാഗം വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ഹഡ്കോയിൽ നിന്നുള്ള വായ്പ, പഞ്ചായത്ത് വിഹിതം ഉൾപ്പെടെ - 4.34 കോടി രൂപയും, പിഎംഎ യവ പദ്ധതിക്കായി 10 ലക്ഷം രൂപയും, ശൈച് മിഷൻ പദ്ധതി (പട്ടികജാതി) 8 ലക്ഷം രൂപയും, വീട് വാസയോഗ്യമാക്കൽ സ്കോൾ - 14 ലക്ഷം രൂപയും, വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി) 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ളതാണ്.

മാലിന്യ നിർമ്മാർജ്ജന പദ്ധതി

സ്വന്തം അവകാശങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷി ഇല്ലാതെ പൊയ്പ്പോയ ഒരു ജനതയുടെ ശ്രദ്ധയിൽ പെടാതെ അതി നീചമായ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ കണക്കെടുത്താൽ 5 വർഷം കൊണ്ട് അവരുടെ ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. കൃത്യമായ പരിശോധനകൾക്ക് വിധേയമാക്കി യോഗ്യരായ ഓരോ ഗുണ

ഭൊത്താവിനേയും തിരിച്ചറിഞ്ഞ് അവരുടെ ദ്യോഗ ഭടകണങ്ങൾ നൽകുകയും ചെയ്തു. ഇങ്ങ
ന കണ്ടെത്തിയ കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് പുറത്ത് കൊണ്ടുവരുന്നതിനായി
ഓരോ കുടുംബത്തിന്റേയും അവശ്യ മനസ്സിലാക്കി പ്രത്യേക യൈക്രോ പ്ലാനുകൾ തയ്യാറാക്കി അ
വരുടെ അതിജീവനത്തിന് ആവശ്യമുള്ള സേവനങ്ങളും സൗകര്യങ്ങളും ചേർത്ത് പു
നരുകാല പദ്ധതികളും വിശ്രകാല പദ്ധതികളും നടപ്പിലാക്കി. പത്ത് കുടുംബങ്ങളെയാണ് ഇപ്രകാരം
കണ്ടെത്തിയത്. ആദ്യ ഘട്ടത്തിൽ ഈ കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷണവും ചികിത്സയും ഉറ
പാക്കുകയും തുടർന്ന് വിധവയായവർക്ക് വീടും വീടും സ്ഥലവും ഇല്ലാത്തവർക്ക് സ്വന്തം കണ്ടെത്തി
വീട് നിർമ്മിച്ചും അടുക്കുറ്റ പണികൾ ആവശ്യമായ വീടുകൾക്ക് ആയത് ചെയ്തും പദ്ധതി പൂർത്തി
യാക്കി.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് - 2 ലക്ഷം രൂപയും, അതിദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിലേയ്ക്ക് വിതരണത്തിന് - 195000/ രൂപയും, അംഗനവാടി പോഷ കാഹാര വിതരണം - 45 ലക്ഷം രൂപയും, അതിദാരിദ്ര്യ ആശ്രയ ഗുണഭോക്താക്കൾക്കുള്ള പരിര കർമ്മ സേന യൂണിറ്റ് ഫീ - 90000/ രൂപയും വകയിരുത്തുന്നു.

ടൂറിസം

കാർഷിക മേഖല എന്നതുപോലെ മാങ്കാടിന് ഏറെ പഞ്ചായത്തിന് വളരെയേറെ പ്രാധാന്യമാണ് ടൂറിസം മേഖല. പുതുമയായ ആസൂത്രണത്തോടെ പരിപാലിച്ചാൽ നിരവധി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം നേടുന്നതിനും സാധിക്കുന്ന തരത്തിലുള്ള പ്രകൃതിയാണ് മാങ്കാടിന് പഞ്ചായത്തിൽ ഉള്ളത്. കനകക്കുന്ന് വ്യൂ പോയിന്റ് മാങ്കാടിന് പഞ്ചായത്തിലെ 5-ാം വാർഡിൽ എൻപ്പാർ മിറ്റിയിൽ നിന്നും മാങ്കാടിന് ടൗണിൽ നിന്നും വരാവുന്ന സുന്ദരമായ പ്രദേശമാണ്. അവിടെ പഞ്ചായത്തും ഡിറ്റിപിസിയും സംയുക്തമായി ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയിൽ കനകക്കുന്ന് വ്യൂ പോയിന്റ് "ഡെലപ്മെന്റ്" എന്ന പേരിൽ പദ്ധതി തയ്യാറാക്കുകയും ഡിപിആർ ടൂറിസം ഡിപാർട്ടുമെന്റിന്റെ അനുമതി ലഭ്യമാകുകയും പഞ്ചായത്തും ഡിറ്റിപിസിയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. 33 ലക്ഷം രൂപ ചിലവുവരുന്ന ടി പദ്ധതി നടപ്പിലാകുന്നതോടെ മാങ്കാടിലെ ജനങ്ങൾക്കും ടി വഴി പോകുന്ന വിനോദ സഞ്ചാരികൾക്കും സമയം ചിലവഴിക്കുന്നതിന് മനോഹര സ്ഥലമായി മാറുമെന്നാണ്.

മാങ്കാടിന് അടിമാലി റോഡിൽ നിന്നും ഏകദേശം 2 കിലോ മീറ്റർ ദൂരത്തിൽ കള്ളിമാലി എന്ന സ്ഥലത്ത് പൊൻമുടി മലയിലേയ്ക്ക് മുകൾ ഭാഗത്തായി വരുന്ന പ്രദേശമാണ് കള്ളിമാലി വ്യൂ

പോയിന്റ് : ടി പ്രദേശത്തു നിന്നും പൊന്മുടി ഡാം വഴി പ്രധാനം, ഹരിപ്പാട് മറുകരയിലുള്ള പ്രൊപ്പോസ്ഡ് എന്നിവ കാണാൻ കഴിയുന്നതും പച്ചവിരിച്ച പ്രദേശവുമാണ്. പഞ്ചായത്ത് വിവിധ പദ്ധതികൾ ആസൂത്രണം നടത്തിയെങ്കിലും സ്ഥല ലഭ്യതാകാത്തതിനാൽ നടപ്പിലാക്കാനായിട്ടില്ല. വാച്ച് ടവർ, വ്യൂ പോയിന്റ് " ബോഡിഷിഫ്കേഷൻ എന്നിവ നടത്തുന്നതിന് പഞ്ചായത്ത് ശ്രമം നടത്തി വരുന്നു. കൂടാതെ സ്വകാര്യ പൊതു പദവിത്തത്തോടെ സ്ഥല ഉടമകൾ തയ്യാറാകുന്നവരുമായി ചേർന്നും പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ശ്രമം നടത്തി വരുന്നതാണ്.

രാജാക്കാട് ടൗണിൽനിന്നും റോഡിനു സമീപത്തായി വളരെ മനോഹരമായി നിലനിൽക്കുന്ന വെള്ളച്ചാട്ടമാണ് കുത്തുങ്കൽ വെള്ളച്ചാട്ടം. ചിത്തിരപുരം ഉടുമ്പൻചോല റോഡ് നിർമ്മാണം പൂർത്തീകരിച്ചതോടെ മൂന്നാറിൽ നിന്നും കുളി തേക്കടി എന്നിവിടങ്ങളിലേക്കുള്ള നിരവധി വിനോദ സഞ്ചാരികൾ ഈ പ്രദേശത്ത് ഇറങ്ങുകയും വിശ്രമിച്ച് യാത്ര തുടരുകയും ചെയ്യുന്നു. സ്ഥല ലഭ്യതക്കുറവിനാൽ സഞ്ചാരികൾക്ക് സൗകര്യം ഒരുക്കുന്നതിന് സാധിക്കാതെ വരുകയും മാലിന്യം സംസ്കരണ പ്രശ്നം ഉണ്ടാകുകയും ചെയ്തതിനാൽ പഞ്ചായത്ത് റോഡരുകിൽ സ്ഥലം വിട്ടു കിട്ടുന്നതിന് ഉടമകളോട് അപേക്ഷ സമർപ്പിക്കുകയും 11 സെന്റ് സ്ഥലം വിട്ടു തരുന്നതിന് സമ്മതിക്കുകയും ആയതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നതുമാണ്.

രാജാക്കാട് പഞ്ചായത്ത് 1-ാം വാർഡിൽ പന്നിയാർകുട്ടിയിൽ നിന്നും കുഞ്ചിത്തണ്ണി രാജാക്കാട് റോഡിൽ നിന്നും എത്തിച്ചേരാവുന്ന മുതിരപ്പുഴയാറിൽ ഉള്ള മനോഹരമായ വെള്ളച്ചാട്ടമാണ് ശ്രീനാരായണപുരം വെള്ളച്ചാട്ടം. നിലവിൽ വ്യൂ പോയിന്റ് " ഡി.റ്റി.പി.സി നടത്തിപ്പ് ചെയ്തു വരുന്നു. മാലിന്യം മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ക്ലീൻ ആന്റ് " ഗ്രീൻ ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ളതും അതനുസരിച്ച് പദ്ധതി വരുന്നതുമാണ്.

രാജാക്കാട് പഞ്ചായത്തിലുള്ള പൊൻമുടി ഡാം പ്രദേശം കെ.എസ്.ഇ.ബി രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് വാടകക്ക് നൽകിയിട്ടുള്ള സ്ഥലത്ത് പാർക്ക് നിർമ്മിച്ച് പദ്ധതിച്ച് വരുന്നതും നിരവധി വിനോദ സഞ്ചാരികൾ പ്രദേശം സന്ദർശിച്ച് വരുന്നതുമാണ്. കൂടാതെ രാജാക്കാട് കൊന്നത്തടി പഞ്ചായത്തുകളുടെ അതിർത്തിയിൽ നിർമ്മിച്ചിട്ടുള്ള വർഷങ്ങൾ പഴക്കമുള്ള തൂക്കുപാലവും നിരവധി സഞ്ചാരികൾ സന്ദർശിക്കുന്ന സ്ഥലമാണ്. ടൂറിസം നിലവർട്ട് ലെപ്പുമായി സഹകരിച്ച് പന്നിയാറിന്റെയും മുതിരപ്പുഴയാറിന്റെയും സമീപ ഭാഗമായ പന്നിയാർ കുട്ടിയിൽ നടപ്പാത നിർമ്മിച്ച് ബോട്ട് സവാരിക്കുള്ള സൗകര്യം ഏർപ്പെടുത്തും.

ഇതിൻ വസ്തുതകൾ പരിഗണിച്ച് ടൂറിസം പദ്ധതിക്കായി സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് - 5 ലക്ഷം രൂപയും, വിവിധ ടൂറിസം പദ്ധതികൾക്കായി 15 ലക്ഷം രൂപയും

വകയിരുത്തിയിട്ടുണ്ട്. കൂടാതെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഫങ്ഷ് ടുറിസം ഡിവാർട്ട് മെന്റിൻ നിന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

ആരോഗ്യം

ആശുപത്രികളിലും മറ്റ് പൊതുജന ആരോഗ്യ സംവിധാനങ്ങളിലും ആധുനിക സംവിധാനങ്ങളും കൂടിയായ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി രോഗി സൗഹൃദവും ജനസൗഹൃദവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ആരോഗ്യ സ്ഥാപനങ്ങളെ ജന സൗഹൃദമാക്കുക, ആശുപത്രികളിൽ ചില്ലറയായ ഡിസ്പെൻസറി സൗകര്യം, ടോക്കൺ സംവിധാനം, മുൻകൂട്ടിയുള്ള ബുക്കിംഗ് സൗകര്യം, സുഖകരമായ ഉറച്ച് മരുന്നുന്ന ചരിത്രമായ മുറികൾ, വൃത്തിയും വെടിപ്പുമുള്ള കാത്തിരിപ്പ് കേന്ദ്രങ്ങൾ, കുടിവെള്ളം, ടോയ്ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോട്ടറി, ഫാർമസി, തുടങ്ങിയവ സ്ഥാപിക്കുക, ഈ ഹെൽത്ത് സംവിധാനം വഴി പ്പാവരുടെയും ആരോഗ്യ വിവരങ്ങൾ രോഗിറ്റർ ചെയ്ത് വെച്ചുകൊണ്ട് ആരോഗ്യ രോഗ നിർണ്ണയമാക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് ആരോഗ്യ ഗ്രാന്റ് വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി പനിയാർകുളി സബ് സെന്റർ നിർമ്മാണത്തിന് - 29.29 ലക്ഷം രൂപ, താഴാക്കോട് സബ്സെന്റർ നിർമ്മാണത്തിന് - 29.28 ലക്ഷം രൂപ, എൽപ്പാറ മിറ്റി സബ് സെന്റർ നിർമ്മാണത്തിന് - 29.28 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്നതാണ്, ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തികരണത്തിന് 10 ലക്ഷം രൂപയും, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് 6 ലക്ഷം രൂപയും, ആയുർവ്വേദ വിഭാഗം യോഗ കുന്നതിന് - 50000/ രൂപയും, നവജ്യായുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് - 12 ലക്ഷം രൂപയും, വയോമിത്രം തുടർ പ്രവർത്തനങ്ങൾക്ക് - 2 ലക്ഷം രൂപയും, ആയുർവ്വേദ ആശുപത്രി മെയിന്റനൻസിന് - 2 ലക്ഷം രൂപയും, സാന്ത്വന പരിചരണം സിഎഫ്എൽടിസിയിൽ - 1050000/ രൂപയും വകയിരുത്തിയിട്ടുള്ളതാണ്.

ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക

കാർഷിക, മൃഗസംരക്ഷണ, മത്സ്യ, ക്ഷീരമേഖലകളിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടേയും മറ്റ് സംരംഭങ്ങളുടേയും വിസ്തൃതിയും ഉൽപാദന ക്ഷമതയും പരമാവധി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി ശാസ്ത്രീയ മാർഗ്ഗങ്ങളും ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിക്കണം. കർഷകരുടെ ഉൽപാദനം പരമാവധി

വർദ്ധിപ്പിക്കുവാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും കഴിയണം. ഉൽപാദകരുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് കാർഷികോൽപന്നങ്ങളുടെ മൂല്യ വർദ്ധന വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങളിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആകർഷിക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതാണ്.

ആയത് ലക്ഷ്യമിട്ടുകൊണ്ട് അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുവാനായി 533333/ രൂപയും, തൈവെച്ചു വളം മിടായിയിടൽ വിതരണത്തിനായി 1400000/ രൂപയും മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകുന്നതിന് 120000/ കറുവ പശുക്കൾക്ക് കാലിത്തീറ്റ വിതരണത്തിനായി 960000/ രൂപയും പൊത്ത് കുത്തി വളർത്തൽ പദ്ധതിക്കായി 224000/ രൂപയും ക്ഷീര കർഷകർക്ക് പാലിന് സബ്സിഡിയായി 1200000/ രൂപയും വകയിരുത്തുന്നു.

പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, തൊഴിലുറപ്പ് വികസനം

പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള വിപുലമായ സംവിധാനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി കുടുംബശ്രീ മുഖാന്തിരം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കും. പ്രാദേശിക തലത്തിലുള്ള ഉൽപന്ന സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ്സ് അവസരങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുകയും പലിശ സബ്സിഡി ലഭ്യമാക്കുന്നതുമാണ്. വ്യവസായ സംരംഭകർക്ക് അനായാസ സംരംഭങ്ങൾ തുടങ്ങുന്നതിന് ആനുഷാഘപൂർവ്വമായ സമീപനം സ്വീകരിക്കുകയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഉറപ്പാക്കുവാനും കാര്യക്ഷമമാക്കുന്നതിനുള്ള സഹായക സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും.

ഇതിലേക്കായി വിജ്ഞാനകേരളം മുഖേന പ്രവർത്തനങ്ങൾ - 500000/ രൂപയും, വനിതാ സ്വയം തൊഴിൽ സംരംഭകർക്ക് സബ്സിഡി - 600000/- രൂപയും, ജീവിത ശൈലി രോഗങ്ങളുടെ പരിഹാരമായിട്ട് ഇരുചക്ര വാഹന ഓട്ടോമൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് - 400000/ രൂപയും വകയിരുത്തിയിട്ടുണ്ട്.

തൊഴിൽ സൃഷ്ടി

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് വേണ്ട തൊഴിലുറപ്പ് വികസന പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക്

രൂപം നൽകിയിട്ടുണ്ട്. തൊഴിൽ തൈപുണ്യ പരിശീലനം, തൊഴിൽ അവസരങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയിൽ വനിതകൾക്കും ഗുർജ്ജര വിഭാഗങ്ങൾക്കും പ്രാമുഖ്യം നൽകി കുടുംബശ്രീ മുഖാന്തിരം പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. വനിതാ വികസന കോർപ്പറേഷനിൽ നിന്നും, പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും 1.5 കോടി രൂപയോളം വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 3.95 കോടി രൂപയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

അതിദീവ്രതകലത

കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, ഉൽപ്പാദന വ്യവസ്ഥയിലെ മാറ്റങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പ്രത്യാഘാതങ്ങൾ അതിജീവിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള ചുസ്ഥ-ദീർഘകാല പദ്ധതികൾ തയ്യാറാക്കി അവയിലെ പ്രവർത്തന ഘടകങ്ങൾ പൊതു വികസന പരിപാടികളിൽ ഉൾപ്പെടുത്തുന്നതാണ്.

കാലാവസ്ഥ വ്യതിയാന കർഷ പദ്ധതി - 50000/- രൂപയും, പന്നിയാർകുട്ടി കുടിവെള്ള പദ്ധതി - 700000/ രൂപയും, പരന്തരത്തോടി കുടിവെള്ള പദ്ധതി-600000/- രൂപയും, കുണ്ടന്ത്രക്കുഴി കുടിവെള്ള പദ്ധതി - 400000/ രൂപയും പൊതു കിണറുകളുടെ സംരക്ഷണത്തിനായി - 300000/ രൂപയും വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾക്ക് - 300000/- രൂപയും വകയിരുത്തുന്നു.

പട്ടികജാതി/പട്ടിക വർഗ്ഗ വികസനം

പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി ഉപ പദ്ധതികൂടി തയ്യാറാക്കിയിട്ടുണ്ട്. പട്ടികജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തിന് വകയിരുത്തി നൽകുന്നത് 1316000/- രൂപയാണ്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം സാമൂഹിക വികസനം പശ്ചാത്തലസൗകര്യവികസനം എന്നിവ കൈവരിക്കുക എന്നതാണ് ഉപപദ്ധതിയുടെ ലക്ഷ്യം.

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകുന്നതിന് - 213000/ രൂപയും, ഒപ്പം മിക്സ് മോഡ് പദ്ധതിക്കായി - 100000/- രൂപയും, വീട് അറ്റകുറ്റപണികൾക്കായി - 500000/- രൂപയും , പട്ടികജാതി ഡിസ്ട്രാക്ടഡ്/ പ്രൊട്ടക്ടഡ് വിദ്യാർത്ഥികൾക്ക് സ്കോപ്പോഷ് വിത്തൗട്ടനത്തിന് - 220000/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകൾ നേടിയുന്ന വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാണ് വനിത ഘടകപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിത ഘടകപദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിജയമായും നടപ്പാക്കേണ്ടതുണ്ട്. കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി സംവിധാനങ്ങളുടെ കാര്യക്ഷമമായ ഇടപെടലുകൾ വനിതാ ശാക്തീകരണത്തിനും തൊഴിൽ വർദ്ധനവിനും ഉതകുന്നു.

കുട്ടികൾ - പ്രത്യേക പദ്ധതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപാടിനെ അടിസ്ഥാനമാക്കി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി പരിവർത്തിപ്പിക്കുക എന്നതാണ് ലക്ഷ്യം വഹിക്കുന്നത്. ഈ പ്രവർത്തനങ്ങളിലൂടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ടതെ നിരപേക്ഷ നിലപാട്, സഹിഷ്ണുതയും ജനാധിപത്യ ബോധവും ഉൾക്കൊണ്ട് സമൂഹത്തെ രോഗ ഭേദന വിധേയനം ചെയ്യുന്ന മൂല്യ ബോധങ്ങളെല്ലാം ഉൾക്കൊള്ളുന്ന തലമുറയെ വളർത്തിയെടുക്കാൻ കഴിയണം. പൊതു വിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനും എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പുവരുത്തുകയുമാണ് ആത്യന്തിക ലക്ഷ്യം.

കുട്ടികൾക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പ്രധാനമായും അവരുടെ സമഗ്ര വികാസം, സംരക്ഷണം, അതിജീവനം, പങ്കാളിത്തം തുടങ്ങിയ നാല് അവകാശങ്ങളും ലക്ഷ്യമിട്ടായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. കുട്ടികളുടെ വികസനം, സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ പ്രാദേശിക തല സംവിധാനമായ ഗ്രാമപഞ്ചായത്ത് തല ശിശുസംരക്ഷണ സമിതിയുമായി ചേർന്നുള്ള പ്രവർത്തനമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. കുട്ടികളുടെ കല-കായിക-ഭാഷാപരിജ്ഞാന വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ നടപ്പാക്കി വരുന്ന ബാലപഞ്ചായത്ത്, ബാലസഭ മുതലായവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

എസ്.പി.സി പ്രവർത്തനങ്ങൾക്ക് - 100000/ രൂപയും, വിദ്യാർത്ഥി ഹരിത സ്കോളർഷിപ് നൽകുന്നതിന് 75000/ രൂപയും, പഴയവിടുതി വയസ്സുപി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് ഫോ, കായിക പരിശീലനം നൽകുന്നതിന് - 100000/- രൂപയും,എസ്.എസ്.കെ പദ്ധതിക്കായി - 567200/ രൂപയും, പഴയവിടുതി വയസ്സുപി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് - 40000/ രൂപയും, സ്മാർട്ട് ക്ലാസ് റൂം തീർക്കുന്നതിന് - 360000/- രൂപയും, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് - 100000/ രൂപയും, കമ്പ്യൂട്ടർ വാങ്ങുന്നതിന് - 240000/ രൂപയും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്ലസ്ടു വിദ്യാർത്ഥികൾക്ക് പ്രിന്റിംഗ് സ്കൂൾ യൂണിഫോം കളർ ക്ലാസിനായി - 50000/ രൂപയും വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ-വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ രൂപരേഖയായി ഏറ്റെടുത്തിട്ടുണ്ട്. ഭിന്നശേഷിയുള്ളവരുടെ സവിശേഷതകൾ പരിഗണിച്ച് അവർക്ക് സൗഹൃദമായ രീതിയിൽ വേണം കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതാണ്. ഭിന്നശേഷിയുള്ളർക്കുള്ള സ്കോളർഷിപ്പും ഇത്തരത്തും നൽകുന്നതിനാവശ്യമായ വിഹിതം കണ്ടെത്തുന്നതിന് നിർദ്ദേശമായും നീക്കിവയ്ക്കേണ്ട 1000000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷി കലോത്സവം - 40000/ രൂപയും, കാഴ്ച പരിമിതിയുള്ളവർക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് - 150000/ രൂപയും, ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് 120000/ രൂപയും, മുഴുക്ക വാഹനം വാങ്ങുന്നതിന് - 150000/ രൂപയും, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 250000/ രൂപയും വകയിരുത്തിയിട്ടുണ്ട്.

വയോജന ക്ഷേമം

നിശ്ചിത തുക് വകയിരുത്തി വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സ്വാന്തന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് വയോജന ക്ഷേമത്തിനുവേണ്ടി ഏറ്റെടുക്കേണ്ടത്.

വയോജനങ്ങൾക്ക് ശാരീരിക-മാനസിക, സാംസ്കാരിക, ചിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകുന്നു. വിനോദ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കും. വയോജനങ്ങൾ നിത്യേന ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും റ്റ് സ്ഥാപനങ്ങൾക്കും റാമ്പ്, കൂടിവെള്ളം, ടോയ്ലറ്റ്, ജിനിഷം തുടങ്ങിയ സൗകര്യങ്ങളും ആരുപത്രികൾ വയോജനങ്ങൾക്ക് പ്രത്യേക ക്യൂവിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

വാതിൽപടി സേവന പ്രവർത്തനങ്ങൾക്കായി - 100000/ രൂപയും, വായനയ്ക്ക് വിഹിതം നൽകുന്നതിന് - 50000/ രൂപയും, പകൽവീട് പ്രവർത്തന ചെലവുകൾക്കായി - 200000/ രൂപയും, അത്തിരേതരും ആശ്രയ പദ്ധതിക്കായി - 100000/ രൂപയും, വയോമിത്രം പ്രവർത്തനങ്ങൾക്ക് - 200000/ രൂപയും, സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് - 1050000/ രൂപയും, ജന്മ മാരിഗ്ര നിർണ്ണയന പദ്ധതികൾക്ക് - 200000/ രൂപയും, വയോജന സംഗമത്തിനായി - 50000/ രൂപയും വകയിരുത്തിയിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഉപ പദ്ധതി

ഓരോ തദ്ദേശഭരണ സ്ഥാപനവും പശ്ചിമഘട്ടം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി തയ്യാറാക്കേതാണ്. ഉപപദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കണം. ആദ്യ ഭാഗം ജനങ്ങൾ കുടിവെള്ളമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന ജല-ശുചിത്വസേവനങ്ങൾക്കുള്ള പദ്ധതിയും രണ്ടാം ഭാഗം ജല-ശുചിത്വ സേവനങ്ങൾ ഒഴികെയുള്ള വികസന-ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള പദ്ധതിയും ആയിരിക്കണം. ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ് എന്നിങ്ങനെ രണ്ട് വിഭാഗമായാണ് പഞ്ചായത്തുകൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നത്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലുള്ള ആകെ ഗ്രാന്റിന്റെ 40 ശതമാനം ബേസിക് ഗ്രാന്റും, ബാക്കി 60 ശതമാനം ടൈഡ് ഗ്രാന്റും ആയിരിക്കും.

